A

6001

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

## കലാ, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ്സ് : 6

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

---

### വിഭാഗം 1 – കലാപഠനം

1. നാടൻപാട്ടിനെ വിലയിരുത്താനായി ഉപയോഗിക്കാവുന്ന സൂചകങ്ങൾ ഏതൊക്കെയെന്ന് എഴുതുക.
2. നിങ്ങൾക്കറിയാവുന്ന രണ്ട് വായ്ത്താരികൾ എഴുതുക.
3. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ പശ്ചാത്യസംഗീത ഉപകരണം ഏത്?



4. ദേശഭക്തിഗാനങ്ങളുടെ പ്രത്യേകതകൾ താഴെ പറയുന്നവയിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക
   - സംഘമായി പാടാവുന്ന ലളിതമായ ഈണങ്ങൾ.
   - പ്രത്യേക സമയത്ത് മാത്രമേ ആലപിക്കാറുള്ളൂ.
   - സാഹിത്യത്തിന് പ്രസക്തിയില്ല.
   - ദേശ സ്നേഹം തുളുമ്പുന്നത്.
5. പ്രകൃതി ചിത്രീകരണത്തിൽ അടുത്തുള്ള വസ്തുക്കൾ വലുതായും അകലെയുള്ളവ ചെറുതായും ആണല്ലോ നാം ചിത്രീകരിക്കുക. അങ്ങനെയെങ്കിൽ ഈ വസ്തുതയെ അടിസ്ഥാനമാക്കി ഒരു പ്രകൃതി ദൃശ്യം വരയ്ക്കുക.

6. താഴെ പറയുന്നവയിൽ നിന്നും കേരളത്തിലെ ഒരു പ്രശസ്ത ചിത്രകാരന്റെ പേര് തെരഞ്ഞെടുത്തെഴുതുക .
(എം. എഫ്. ഹുസൈൻ, ജതിൻ ദാസ്, അമൃതാ ഷെർഗിൾ, രാജാ രവിവർമ)

7. താഴെ കൊടുത്തിരിക്കുന്ന പ്രാഥമിക വർണങ്ങൾ തമ്മിൽ ചേർത്താൽ ലഭിക്കുന്ന ദ്വിതീയ വർണങ്ങൾ പട്ടികയിൽ നിന്നും ശരിയാക്കി എഴുതുക.

| | |
|---|---|
| മഞ്ഞ + നീല | ഓറഞ്ച് |
| നീല + ചുവപ്പ് | പച്ച |
| ചുവപ്പ് + മഞ്ഞ | വയലറ്റ് |

8. ഒറ്റയ്ക്കും കൂട്ടായും അവതരിപ്പിക്കുന്ന രണ്ട് നൃത്തരൂപങ്ങളുടെ പേരെഴുതുക.

9. നിങ്ങളുടെ നാട്ടിൽ ഏറ്റവും പ്രചാരമേറിയ നൃത്തം ഏത് ?

10. കഥകളിയും ഭരതനാട്യവും തമ്മിലുള്ള രണ്ട് വ്യത്യാസം എഴുതുക.

11. 'കുഴലൂത്തുകാരനും രാജാവും'
കുഴലൂത്തുകാരൻ കുഴലൂതി എലികളെ തുരത്തി... പ്രതിഫലം ചോദിച്ചപ്പോൾ രാജാവ് വാക്ക് മാറി.

പ്രതിഫലം ചോദിക്കുന്ന സന്ദർഭത്തിൽ രാജാവും, കുഴലൂത്തുകാരനുമായുള്ള സംഭാഷണം രചിക്കുക.

12. എൻ.എൻ.പിള്ള ഏത് മേഖലയിൽ അറിയപ്പെടുന്ന കലാകാരനായിരുന്നു?

(പടയണി, യക്ഷഗാനം, നാടകം, ചിത്രകല)

13. ലഘു നാടകങ്ങൾക്ക് ______________________ എന്നു പറയുന്നു.

(തെരുവ് നാടകം, പൊറാട്ട് നാടകം, കാക്കരിശ്ശി നാടകം, ഏകാങ്കനാടകം)

## വിഭാഗം 2 - പ്രവൃത്തിപഠനം

1. ആശംസാകാർഡ് നിർമാണം.

നിങ്ങളുടെ സുഹൃത്തിന് പുതുവത്സരാശംസകൾ അറിയിക്കുവാൻ ഒരു കാർഡ് നിർമിക്കുക. ചാർട്ട് പേപ്പർ, വിവിധതരം പേപ്പറുകൾ, സ്കെച്ച്പെൻ, ക്രയോൺസ് എന്നിവ ഉപയോഗിക്കാം.

2. ഉപയോഗശൂന്യമെന്ന് കരുതുന്ന ഏതെങ്കിലും ഒരു വസ്തുവിന്റെ പേരെഴുതുക. അതുപയോഗിച്ച് നിർമിക്കാവുന്ന ഏതെങ്കിലും രണ്ട് അലങ്കാര വസ്തുക്കളുടെ പേരെഴുതുക.

3. പെയിന്റ് ചെയ്യാൻ ഉപയോഗിക്കുന്ന മൂന്ന് വർണമാധ്യമങ്ങളേവ ?

4. ഒരു ജൈവ കീടനാശിനിയുടെ പേരെഴുതുക. നിർമാണരീതി വിവരിക്കുക.

## വിഭാഗം 3 - ആരോഗ്യകായിക വിദ്യാഭ്യാസം

1 - ഷട്ടിൽ റൺ

നീളം - 10 മീറ്റർ




2 - ചേരുംപടി ചേർക്കുക

| | | |
|---|---|---|
| എ) സിറ്റ് അപ് | - | അയവ് |
| ബി) സിറ്റ് ആന്റ് റീച്ച് | - | കൈയുടെയും തോളിന്റെയും പേശീബലം |
| സി) മോഡിഫൈഡ് പുൾ അപ് | - | ഹൃദയശ്വസനക്ഷമത |
| ഡി) ഒരു മൈൽ (1600 മീറ്റർ ) ഓട്ടം/നടത്തം | - | ഉദരപേശീക്ഷമത |

3 ചുവടെ നൽകിയിരിക്കുന്ന കളികളിൽ കായിക താരങ്ങൾ ഉപയോഗിക്കുന്ന സുരക്ഷാ ഉപകരണങ്ങളുടെ പേര് ബ്രാക്കറ്റിൽനിന്നും എടുത്തെഴുതുക.

(ഷൂസ്, ബൂട്സ്, ഹെൽമറ്റ്, ലഗ്പാഡ്, ആംഗാർഡ്, ഷിൻഗാർഡ്, മൗത്ത്ഗാർഡ്)

| | | |
|---|---|---|
| എ. | ഫുട്ബോൾ | |
| ബി. | ക്രിക്കറ്റ് | |
| സി. | ഹോക്കി | |

4 സ്കൂളിൽ തലകറങ്ങിവീണ നിങ്ങളുടെ സഹപാഠിക്ക് എന്ത് പ്രഥമശുശ്രൂഷ നൽകും ?